റഫർ ചെയ്ത ആക്സിഡന്റ് കേസ് വീണ്ടും ചാർജ്ജ് ചെയ്തത് സംബന്ധിച്ച്

27 [2507] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റി പോലീസ് ക്രൈം നമ്പർ 155/2001 പ്രകാരം രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയ ആക്സിഡന്റ് കേസ് ഒരു സബ് ഇൻസ്പെക്ടർ വീണ്ടും ചാർജ്ജ് ചെയ്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എം.എ.സി.ടി. കേസ്സിൽ 25 ലക്ഷം രൂപ ക്ലെയിം ചെയ്യുന്നതിലേക്കായി സിറ്റി പോലീസ് തിരുവനന്തപുരം സി.ഐ. റഫർ ചെയ്തുപോയിട്ടുള്ള കേസ്സിൽ പ്രസ്തുത എഫ്.ഐ.ആർ. പരിഗണിക്കാതെ വീണ്ടും എം.എ.സി.ടി.-യ്ക്ക് മാത്രമായി കേസ് ചാർജ്ജ് ചെയ്യാൻ എസ്.ഐ.-യ്ക്ക് ഉത്തരവ് നൽകിയത് ആരെന്ന് വെളിപ്പെടുത്തുമോ;

(സി) ഇത്തരത്തിൽ നിരപരാധിയെ കേസിൽ കുടുക്കുന്ന കാര്യം പോലീസ് മേധാവിയുടെ അനുമതിയോടെയാണ് നടത്തിയിട്ടുള്ളതെങ്കിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി കൈക്കൊള്ളുമോ;

(ഡി) സി.ഐ. റഫർ ചെയ്യുകയും കെ.എസ്.ആർ.ടി.സി. ബസ്സ് ആണ് അപകടം വരുത്തിയതെന്ന് വ്യക്തമായി സൂചന ലഭിക്കുകയും ചെയ്തിട്ടും പ്രസ്തുത കെ.എസ്.ആർ.ടി.സി. ബസ് ഏതെന്ന് കണ്ടെത്താൻ നടപടി കൈക്കൊള്ളാതിരുന്നത് എന്തുകൊണ്ടാണ്;

(ഇ) ഇൻഷ്വറൻസ് തുക വാങ്ങിയെടുക്കാനായി മറ്റൊരാളുടെ പേരിൽ കേസ് ചാർജ്ജ് ചെയ്യാൻ എസ്.ഐ.-ക്ക് അനുമതി നൽകിയിരുന്നുവോ; എങ്കിൽ ആരാണ് അനുമതി നൽകിയത്;

(എഫ്) അനുമതി ഇല്ലാതെയാണ് ഇപ്രകാരം ചെയ്തതെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥനെതിരെ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തിരുവനന്തപുരം ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ നിന്നും സി.എം.പി. 1464/02 നമ്പർ അന്യായത്തിന്റെ അടിസ്ഥാനത്തിൽ സിറ്റി ട്രാഫിക് പി.എസ്. ക്രൈം 155/01-ാം നമ്പർ കേസ് റീ ഓപ്പൺ ചെയ്ത് അന്വേഷിച്ചിട്ടുള്ളതാകുന്നു. സർക്കിൾ ഇൻസ്പെക്ടർ അന്വേഷിച്ച് അൺ ഡിറ്റക്റ്റഡ് ആക്കിയ കേസ് ചാർജ്ജ് കൊടുക്കാൻ ഇടയായ സാഹചര്യത്തെപ്പറ്റി അന്വേഷിച്ചു റിപ്പോർട്ട് നൽകാൻ തിരുവനന്തപുരം സിറ്റി ട്രാഫിക് പോലീസ് സ്റ്റേഷനിൽ നോർത്ത് വിഭാഗം അസിസ്റ്റന്റ് പോലീസ് കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ട്രാഫിക് പി.എസ്. ക്രൈം 155/01, കേസ്സിന്റെ പുനരന്വേഷണം തിരുവനന്തപുരം സിറ്റി ട്രാഫിക് പി.എസ്. നോർത്ത് സർക്കിൾ ഇൻസ്പെക്ടർ നടത്തുന്നതിലേയ്ക്ക് ഉത്തരവ് നൽകിയിട്ടുണ്ട്. കുറ്റപത്രം നൽകിയ പ്രതി നിരപരാധിയാണെന്നു കണ്ടാൽ ഈ കേസ് വീണ്ടും അന്വേഷണം നടത്തി ചാർജ്ജ് ഹാജരാക്കിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) പുതുതായി ഉത്തരവായ പുനർ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കെ. എസ്. ആർ. ടി. സി. ബസ്സിന്റെ ഇടപെടലിനെപ്പറ്റി വിശദമായി അന്വേഷിക്കുന്നുണ്ട്.

(ഇ) പോലീസ് സ്റ്റേഷനുകളിൽ സബ് ഇൻസ്പെക്ടർമാർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥന്മാർ കേസുകളിൽ അന്വേഷണം നടത്തിയതിനുശേഷം കേസുകളിലെ പ്രതികൾക്കെതിരെ കുറ്റപത്രം ഫയൽ ചെയ്യുന്നതിന് മേലുദ്യോഗസ്ഥൻമാരുടെ അനുമതി ആവശ്യമില്ല, എന്നാൽ കുറ്റപത്രം സമർപ്പിച്ചതിനുശേഷം കേസ് ഡയറി മുഖാന്തിരം വിവരം മേലുദ്യോഗസ്ഥൻമാരെ അറിയിക്കേണ്ടതുണ്ട്.

(എഫ്) ഒരു കേസ്സിന്റെ അന്വേഷണത്തിനുശേഷം കുറ്റപത്രം ഫയൽ ചെയ്യുന്നതിന് പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർക്ക് മേലുദ്യോഗസ്ഥന്റെ അനുമതി ആവശ്യമില്ല.

<u>ലോക്കപ്പ് മരണത്തിന് വിധേയരായവരുടെ ആശ്രിതർക്ക് ധനസഹായം</u>

28 [2510] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലോക്കപ്പ് മരണത്തിന് വിധേയരായിട്ടുള്ളവരുടെ അനന്തരാവകാശികൾക്ക് എന്തെങ്കിലും ധനസഹായം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ലോക്കപ്പ് മരണം നടന്നിട്ടില്ല.

(ബി) ഉത്തരം 'എ'-യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly